**പതിനാലാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലന കാലം സർവ്വീസായി പരിഗണിക്കാൻ നടപടി**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 5496 18/11/2019-ൽ മറുപടിക്ക്**

| **ചോദ്യം**<br>**ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ** | **മറുപടി**<br>**പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | നിലവിൽ എല്ലാ പോലീസുകാർക്കും പരിശീലന കാലം സർവ്വീസായി പരിഗണിക്കുന്നുണ്ടോ; | (എ) | പോലീസുകാരുടെ പരിശീലന കാലം പെൻഷൻ, സമയബന്ധിത ഹയർ ഗ്രേഡ്, പേ ഫിക്സേഷനുള്ള വെയിറ്റേജ് എന്നിവയ്ക്ക് യോഗ്യതാ സർവ്വീസായി പരിഗണിക്കുന്നുണ്ട്. എന്നാൽ ഇന്ത്യാ റിസർവ് ബറ്റാലിയനിലെ സേനാംഗങ്ങളുടെ പരിശീലനകാലയളവ് നിലവിൽ സർവ്വീസായി പരിഗണിച്ചിട്ടില്ല. |
| (ബി) | കേരളാ പോലീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന ഇന്ത്യാ റിസർവ് ബറ്റാലിയൻ അംഗങ്ങളുടെ പരിശീലന കാലം എത്രയാണ്; പ്രസ്തുത പരിശീലനകാലയളവ് സർവ്വീസ് കാലഘട്ടമായി പരിഗണിക്കുന്നുണ്ടോ; ഇല്ലെങ്കിൽ കാരണമെന്തെന്ന് അറിയിക്കാമോ; | (ബി) യും (സി) യും | ഇന്ത്യാ റിസർവ് ബറ്റാലിയൻ അംഗങ്ങളുടെ പരിശീലനകാലം 18 മാസമാണ്. പ്രസ്തുത പരിശീലനകാലയളവ് സർവ്വീസ് കാലഘട്ടമായി പരിഗണിക്കുന്നില്ല. |
| (സി) | മറ്റ് യൂണിഫോം സർവ്വീസുകൾക്കെന്നപോലെ ഇന്ത്യാ റിസർവ് ബറ്റാലിയൻ സേനാംഗങ്ങളുടെ പരിശീലന കാലവും ഗ്രേഡ് പേ ഉൾപ്പെടെയുള്ള സർവ്വീസ് ആനുകൂല്യങ്ങൾക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ